## ഗോപാൽ മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂൾ

### തിരുവാലത്തൂർ, കൊടുമ്പ്, പാലക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 2026

## ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ
6. പദ്ധതി വിശദാംശങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. ഉപസംഹാരം

## 1. ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം ലക്ഷ്യമാക്കി ദീർഘകാലാടിസ്ഥാനത്തിൽ അക്കാദമിക നില വാരം ഉയർത്തുക എന്നതാണ് ഈ വിദ്യാഭ്യാസ വികസന പദ്ധതിയുടെ ഉദ്ദേശ്യം. ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനൊപ്പം അക്കാദമിക മികവു കൂടെ ഈ പദ്ധതിരേഖ വിഭാവനം ചെയ്യുന്നു. അതിന്റെ ഫലപ്രാപ്തിക്കായി വിവിധ ഏജൻസി കൾ, തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ, അധ്യാപക-രക്ഷാകർതൃസമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപകർ, മറ്റു സാമൂഹ്യസേവന സന്നദ്ധ സംഘട നകൾ എന്നിവയുടെ പിന്തുണയും സഹായവും ഉറപ്പാക്കിക്കൊണ്ട് വിവിധ ഘട്ടങ്ങ ളിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളാണ് പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നുമുതൽ പന്ത്രണ്ട് വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക ണം. ഭാഷ, കണക്ക്, സയൻസ്, ഐ.ടി. എന്നീ വിഷയങ്ങളിൽ ധാരണയും കഴിവും നേടണം. ഒപ്പം പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും പ്രദാനം ചെയ്യണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം, ശുചിത്വബോധം എന്നിവ ഓരോ കുട്ടിയിലും ഉണ്ടാക്കിയെടുക്കുന്നതിൽ ഊന്നൽ നൽകണം. സാംസ്കാരിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതു കൂടാതെ കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക എന്നതും കൂടെ ഈ മാസ്റ്റർ പ്ലാനിന്റെ ഉദ്ദേ ശത്തിൽപ്പെടുന്നു. ആയവ സമയബന്ധിതമായി ഹ്രസ്വകാല-മധ്യകാല-ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ നിലവാരത്തിലുമുള്ള വിദ്യാർത്ഥികളുടെയും സർവ്വതോന്മുഖമായ വിദ്യാഭ്യാസ പുരോഗതിയാണ് ലക്ഷ്യം വെയ്ക്കുന്നത്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി തല ത്തിൽ വിദ്യാഭ്യാസ പുരോഗതിയാണ് ലക്ഷ്യമിടുന്നത്.

## 2. ലക്ഷ്യങ്ങൾ

- ഓരോ വിദ്യാഭ്യാസ സ്ഥാപനവും ശിശുകേന്ദ്രീകൃതമായിരിക്കുക എന്നതാണ് പ്രഥമലക്ഷ്യം. അതിനായി ആധുനിക രീതിയിലുള്ള ബോധനസമ്പ്രദായം ആവിഷ്കരിക്കുകയും അതാതു ക്ലാസ്സുകളിൽ ലഭിക്കേണ്ട അറിവ് സ്വായത്ത മാക്കി എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

- ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലെ ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരത്തിൽ ധാരണകളും കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- പഠനവിഷയങ്ങളായ ഭാഷ, കണക്ക്, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, വിവര സാങ്കേതികവിദ്യ എന്നീ വിഷയങ്ങളിൽ ഉറച്ച ധാരണയും കഴിവും കൂടി നേടി എന്ന് ഉറപ്പുവരുത്തുക.
- പാഠ്യേതര വിഷയങ്ങളിലും വൈവിധ്യവും മേന്മയും പകർന്നു നൽകുക.
- കുട്ടിയുടെ കഴിവ് കേവലം പഠനവിഷയങ്ങളിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ ശേഷികളും നേടുന്നതിന് ഉപയുക്തമാണ് എന്നും അതിലൂടെ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുകയും പിന്തുണാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും കൊഴിഞ്ഞുപോക്ക് തടയുന്നതിനൊപ്പം പ്രത്യേക പരിഗണന നൽകുന്നതിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൂടി മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യുക.
- ആധുനിക സൗകര്യങ്ങളുള്ള വായനശാല, ലാബറട്ടറി, വായനമൂലകൾ, സ്മാർട്ട് റൂം സംവിധാനം എന്നിവ ഒരുക്കി പഠനം ആകർഷക വിജ്ഞാന വിതരണ കേന്ദ്രവുമായി മാറ്റുക.

## 3. വിദ്യാലയ ചരിത്രം

കൊടുമ്പ് പഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്കൂളായ ഗോപാൽ മെമ്മോറിയൽ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പഞ്ചായത്തിലെ 12-ാം വാർഡിൽപ്പെട്ട തിരുവാലത്തൂരിലാണ് സ്ഥിതിചെയ്യുന്നത്.

എട്ടാം ക്ലാസ്സുമുതൽ പത്താം ക്ലാസുവരെയും, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നീ വിഭാഗങ്ങളിൽ രണ്ടു വർഷത്തെയും പഠനമാണ് സ്കൂളിൽ നടക്കുന്നത്.

1982-ൽ കൊടുമ്പ് കേന്ദ്രമായി രൂപീകരിച്ച "കൊടുമ്പ് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്" ആണ് സ്ഥാപനം സ്ഥാപിക്കുന്നതിനു വേണ്ട ശ്രമങ്ങൾ നടത്തിയത്. നാട്ടിലെ പ്രമുഖരും വിദ്യാഭ്യാസ വികസന തൽപരരുമായ 45 പേർ ഉൾപ്പെട്ടതായിരുന്നു ട്രസ്റ്റ്. ഇതിൽ നിന്നും തെരഞ്ഞെടുത്ത 15 പേർ ഉൾപ്പെട്ട ട്രസ്റ്റ്

ബോർഡ് ആണ് ഭരണച്ചുമതല നിർവ്വഹിച്ചുവരുന്നത്. ശ്രീ. കെ.ജി. കൃഷ്ണൻ, ശ്രീ. കെ.സി. രാമചന്ദ്രൻ മാസ്റ്റർ എന്നിവരായിരുന്നു യഥാക്രമം സ്ഥാപക മാനേജിങ്ങ് ട്രസ്റ്റിയും സെക്രട്ടറിയും. ഏകദേശം മുപ്പതു വർഷക്കാലം സ്കൂൾ മാനേജറായും മാനേജിങ്ങ് ട്രസ്റ്റിയായും പ്രവർത്തിച്ച ശ്രീ. കെ.ബി. കൃഷ്ണന്റെ നേതൃത്വത്തിലാണ് സ്ഥാപനം ഉയർച്ചയുടെ പാരമ്യതയിൽ എത്തിയത് എന്നത് സ്മരണീയമാണ്.

നിലവിൽ കെ.ജി. വിശ്വനാഥൻ മാനേജറായും ശ്രീ. എ. സുബ്രഹ്മണ്യൻ സെക്രട്ടറിയായും ചുമതലയേറ്റു. സ്ഥാപനത്തിന്റെ വികസനകാര്യത്തിൽ ക്രിയാത്മക മായ പ്രവർത്തനം നടത്തിവരുന്നു. ആധുനിക രീതിയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ശാസ്ത്രലാബും, കമ്പ്യൂട്ടർ ലാബും ഇന്ന് സ്ഥാപനത്തിലുണ്ട്. സി.സി.ടി.വി. ക്യാമറ, ബയോമെട്രിക് സംവിധാനം എന്നീ ആധുനിക സംവിധാനങ്ങളും ഒരുക്കിയി ട്ടുണ്ട്.

ഭൂരിപക്ഷം കർഷകത്തൊഴിലാളികളും, മറ്റു തൊഴിലാളി വർഗ്ഗങ്ങളും അട ങ്ങുന്ന പിന്നോക്ക പഞ്ചായത്തായ കൊടുമ്പിലെ കുട്ടികൾക്ക് ഏഴാം ക്ലാസിനു ശേഷം തുടർപഠനത്തിന് പാലക്കാട് നഗരത്തിലെ വിദ്യാലയങ്ങളെയോ, പെരുവെമ്പ് ഹൈസ്കൂളിനെയോ ആശ്രയിക്കേണ്ടിയിരുന്നതിനാൽ പല കുട്ടികളുടെയും പ്രത്യേ കിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസം ഏഴാം ക്ലാസ്സോടെ നിന്നുപോകുന്ന അവസ്ഥ യാണ് ഉണ്ടായിരുന്നത്. ഈ അവസ്ഥയ്ക്ക് വലിയൊരു പരിഹാരമെന്ന നിലയിലാണ് പഞ്ചായത്തിൽ ഈ ഹൈസ്കൂൾ സ്ഥാപിക്കാൻ ഇടയായത്.

1992 ഒക്ടോബറിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ മൂന്നു കോഴ്സുകൾ അനുവദിച്ചു കിട്ടി. കൊമേഴ്സ് ഗ്രൂപ്പിൽപ്പെട്ട രണ്ടു ബാച്ചും, സയൻസ് വിഭാഗത്തിൽ ഒരു ബാച്ചുമാണ് സ്കൂളിൽ അധ്യയനം നടക്കുന്നത്. വി.എച്ച്.എസ്. സി. വിഭാഗത്തിൽ 90% ൽ അധികം വിജയം കൈവരിക്കാനും സംസ്ഥാനതലത്തിൽ റാങ്കുകൾ നേടാനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം അയ്യായിരത്തിലധികം കുട്ടികൽ ഹൈസ്കൂൾ പഠനവും 1500 ൽ അധികം കുട്ടികൾ ഹയർസെക്കണ്ടറി പഠനവും പൂർത്തിയാക്കി. ഇവരിൽ നല്ലൊരു ശതമാനവും പഠനശേഷം സമൂഹത്തിൽ മാന്യ മായ തൊഴിലുകൾ ചെയ്യുന്നുണ്ട്.

സ്ഥാപിതവർഷത്തിൽ ശ്രീ. ശിവശങ്കരപ്പിള്ള സാറായിരുന്നു സ്ഥാപനത്തിന്റെ പ്രധാനാധ്യാപകൻ. ഏകദേശം 15 വർഷം സ്ഥാപന മേധാവിയായി ചുമതലവഹിച്ച അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സ്ഥാപനം അതിന്റെ പരമാവധി ഉയർച്ചയിൽ എത്തുകയുണ്ടായി. 36 വർഷത്തെ പ്രവർത്തന ചരിത്രത്തിൽ ഇവിടെ പഠനം

പൂർത്തിയാക്കിയ വ്യക്തികൾ സമൂഹത്തിന്റെ നാനാതുറകളിൽ മെച്ചപ്പെട്ട സാമൂഹ്യ ജീവിതം നയിച്ചുവരുന്നതായി മനസ്സിലാക്കുന്നു.

## 4. കാഴ്ചപ്പാട്

- അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവി ടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട അറിവും ജീവിത നൈപുണിയും സ്ഥാപനത്തിലെ ഓരോ വിദ്യാർത്ഥിയും നേടിയെന്ന് ഉറപ്പാക്കുക. സ്വയം പഠനവും കൂട്ടായ പഠനവും പ്രക്രിയയുടെ ഭാഗമാക്കി അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനുള്ള പരിമിതികൾ മറികടക്കാനുള്ള അവസരം സൃഷ്ടിക്കും.
- ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ക്യാമ്പസ്സ് ജൈവ വൈവിധ്യങ്ങളുടെ കലവറയാക്കി മാറ്റും. പഠനത്തെ പരിസരബന്ധിയും ജീവി തഗന്ധിയും ആക്കുവാൻ പരിസരപഠനം സാധ്യമാക്കുകയും വിദ്യാലയ വളർച്ച തന്നെ അറിവുനിർമ്മാണ പ്രക്രിയയുടെ ഭാഗമാക്കാനും ശ്രമിക്കും.
- അന്വേഷണാത്മക പഠനത്തിലും പ്രശ്നങ്ങൾ കണ്ടെത്തി ചോദ്യങ്ങളിലൂടെ ഉത്തരത്തിലേക്കും ഉയർന്ന ധാരണകളിലേക്കും എത്തുന്ന കാര്യത്തിൽ വായ നശാല, ലബോറട്ടറി എന്നിവയ്ക്ക് അതിനിർണ്ണായക പങ്കാണുള്ളത്. അതു കൊണ്ടുതന്നെ അവ വിപുലപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്ന തിനും മുന്തിയ പരിഗണന തന്നെ നൽകും.
- തൊഴിലിന്റെ മാന്യത മനസ്സിലാക്കികൊടുക്കുന്നതിലൂടെ ഹയർസെക്കണ്ടറി വിദ്യാഭ്യാസം കഴിയുന്ന മുറയ്ക്ക് ഏതെങ്കിലും ഒരു തൊഴിൽമേഖലയിൽ നൈപുണി നേടുന്നതിനാവശ്യമായ പരിശീലനം നൽകാൻ ശ്രമിക്കും.
- കുട്ടി നാളത്തെ സമൂഹസൃഷ്ടിയിൽ സർഗ്ഗാത്മക ഇടപെടൽ നടത്തേണ്ടവനാ യതിനാൽ അവന്റെ കഴിവിനെയും മികവിനെയും അംഗീകരിച്ച് വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നതോടൊപ്പം അവന്റെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന ആധുനിക സാങ്കേതികവിദ്യ സംവിധാനങ്ങളെക്കുറിച്ചും അവന്റെ തെറ്റായ ധാരണകളെക്കുറിച്ചും ഉത്തമബോധം നൽകുന്ന തരത്തിൽ കൗൺസിലിംഗ് ക്ലാസ്സുകൾ നൽകും.
- സർഗ്ഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കാൻ ഉതകുന്ന സമഗ്രമായ വിദ്യാഭ്യാസം ലക്ഷ്യമിടും. കലാ, കായികരംഗത്ത് ആവശ്യമായ പ്രോത്സാഹന

ങ്ങൾ നൽകുന്ന ആദ്യ ഇടമായി വിദ്യാലയത്തെ മാറ്റും. അവരുടെ സർഗ്ഗാത്മക അഭിരുചികൾ കണ്ടെത്തി പഞ്ചായത്തുമായി സഹകരിച്ച് വിവിധ കലാ കായിക ഇനങ്ങളിൽ ഏകോപിച്ചുള്ള പരിശീലന സംവിധാനം ലഭ്യമാക്കാൻ പരിശ്രമിക്കും.

- സാമൂഹ്യമായ പാഠ്യപ്രവർത്തനങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പാക്കേജുകൾ തയ്യാറാക്കി അവരെക്കൂടെ പൊതുധാരയിലേക്ക് എത്തിച്ച് പഠനപ്രവർത്തനങ്ങളിൽ സജീവ പങ്കാളികലാക്കി മാറ്റും.
- ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കും. ജനാധിപത്യവത്കരണം അർത്ഥപൂർണ്ണമാക്കി നേതൃത്വ പാടവം, പരസ്പര ബഹുമാനം, പൊതുനന്മക്കു വേണ്ടി ഒന്നിച്ചു പ്രവർത്തിക്കൽ തിന്മകളോടും വിവേചനങ്ങളോടും പൊതുവായതും സത്യസന്ധവുമായ നിലപാട് സ്വീകരിക്കൽ എന്നിവ പരിഗണിക്കുന്ന ഉയർന്ന മൂല്യങ്ങൾ ഉറപ്പിക്കും.
- ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നതോടൊപ്പം പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത, ലഹരിമുക്ത കാമ്പസ് എന്നത് യാഥാർത്ഥ്യമാക്കും. അതിനായി പ്രചരണബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.
- കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടുത്തുകയും വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജൈവകൃഷി നടപ്പിലാക്കും.
- ആധുനിക സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി ക്ലാസ്സ്മുറികൾ ഹൈടെക് ആക്കി മാറ്റുകയും പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനവും കാഴ്ചപ്പാടും നൽകും.
- പഠനമികവിനായ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സ്ഥാപനത്തിന്റെ സവിശേഷ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രദേശത്തിന്റെയും ഭൂപ്രകൃതിയുടെയും മണ്ണിന്റെയും പ്രത്യേകതകൾ മനസ്സിലാക്കിയായിരിക്കും കെട്ടിടങ്ങൾക്കായുള്ള മാസ്റ്റർ പ്ലാൻ രൂപീകരിക്കുക.
- ഇതെല്ലാം സാധ്യമാക്കാനായി ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ബ്ലോഗ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തും. ജനകീയ കൂട്ടായ്മ രൂപീകരിച്ച് വിദ്യാലയത്തിന്റെ സമഗ്രവികസനം സാധ്യമാക്കും.

പൂർവ്വവിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തുന്നതിലൂടെ വിദ്യാലയ പിന്തുണ സംവിധാനങ്ങൾ വിപുലപ്പെടുത്തും.

- മേൽസൂചിപ്പിച്ച എല്ലാ ലക്ഷ്യങ്ങളും പ്രാവർത്തികമാക്കുന്നതിന് അനുഗുണമായ പദ്ധതികളായിരിക്കും അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്രവർത്തന നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുക. നിലവാരമുള്ള അധ്യാപക പരിശീലനം കൂടെ ലഭ്യമാക്കിക്കൊണ്ട് ഞങ്ങളുടെ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് പ്രഥമലക്ഷ്യവും കാഴ്ചപ്പാടും.

# <u>**Administrative Wing**</u>

| | | |
|---|---|---|
| മാനേജർ | : | കെ.ജി. വിശ്വനാഥൻ |
| ട്രസ്റ്റ് സെക്രട്ടറി | : | സുബ്രഹ്മണ്യൻ |
| പി.ടി.എ. പ്രസിഡന്റ് | : | സുധീഷ് |
| വൈസ് പ്രസിഡന്റ് | : | മുകുന്ദൻ. കെ.എച്ച്. |
| MPTA പ്രസിഡന്റ് | : | യമുന |
| HM | : | ജയന്തി. കെ |
| VHSE പ്രിൻസിപ്പൽ | : | ബിന്ദു. എൻ |
| HSS പ്രിൻസിപ്പൽ | : | മിനി. പി.എം. |

# Strength Details

## VHSE

| Year | Boys | Girls | Total | Staff |
|---|---|---|---|---|
| I<sup>st</sup> Year | 53 | 11 | 64 | Permanent – 10 |
| IInd year | 50 | 20 | 70 | Guest Lecturer - 5 |

## HSS

| Year | Boys | Girls | Total | Staff |
|---|---|---|---|---|
| XI | 60 | 49 | 109 | 13 |
| XII | 65 | 33 | 98 | |

## HS

| Year | Boys | Girls | Total | Staff |
|---|---|---|---|---|
| VIII | 19 | 16 | 35 | 9 |
| IX | 22 | 6 | 28 | |
| X | 30 | 14 | 44 | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്രീയ തത്വങ്ങൾ ഉറപ്പിക്കുക, ശാസ്ത്രാഭിരുചി വളർത്തി ഉയർന്ന തലത്തിലുള്ള പഠനത്തിന് ശാസ്ത്രാഭിമുഖ്യമുണ്ടാക്കുന്നതിന് | 1. പ്രീടെസ്റ്റിലൂടെ കുട്ടികളുടെ പരിമിതികൾ കണ്ടെത്തുന്നു.<br>2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.<br>3. വൃക്ഷത്തൈ നടൽ, ക്വിസ്, പോസ്റ്റർ നിർമ്മാണം എന്നിവയിലൂടെ പരിസ്ഥിതിദിനം ആഘോഷിക്കുന്നു.<br>4. ലഹരിവിരുദ്ധ ദിനത്തിൽ ലഹരിവിരുദ്ധ ക്ലാസ്സ് | ജൂൺ | SRG<br>അധ്യാപകർ | |
| ശാസ്ത്രീയ അറിവ് നേടൽ, പ്രായോഗിക പരിചയം, ഗവേഷണ പഠനം. | 5. ടെലസ്കോപ്പ് ഉപയോഗിച്ചുള്ള ചാന്ദ്രനിരീക്ഷണം, ചന്ദ്രന്റെ ചരിത്രം, അസ്ട്രോണമി, NASA, ISRO എന്നിവയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം. ചാന്ദ്രദിനവുമായി ബന്ധപ്പെട്ട പ്രദർശനങ്ങളും പ്രസന്റേഷനും, ചാന്ദ്രദിന ക്വിസ്, ടെലിസ്കോപ്പ് നിർമ്മാണ വർക്ക്ഷോപ്പ്. | | | |
| ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | 6. മാലിന്യ സംസ്കരണ ബോധവൽക്കരണം, ശുചിത്വവുമായി ബന്ധപ്പെട്ട ബോധവൽക്കരണ | ആഗസ്റ്റ് | അധ്യാപകർ,<br>ആരോഗ്യവകുപ്പ് | |

| | | | | |
|---|---|---|---|---|
| | ക്ലാസ്സുകൾ, പെൺകുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ് | | | |
| ഔഷധസസ്യങ്ങളെക്കുറിച്ചുള്ള അറിവ് | 7. ഔഷധത്തോട്ടങ്ങൾ സന്ദർശിക്കൽ, ഔഷധത്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം | ഒക്ടോബർ | അധ്യാപിക | കൃഷിഭവൻ |
| ഊർജ്ജത്തിന്റെ ഉപയോഗം, ഉൽപാദനം, ഊർജ്ജസംരക്ഷണം | 8. ഊർജ്ജസംരക്ഷണ ദിനാഘോഷം, ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സ് | നവംബർ | അധ്യാപിക | കെ.എസ്.ഇ.ബി. |
| ശാസ്ത്രലോകത്തെ നൂതന ആശയങ്ങൾ, അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും മാറ്റിനിർത്തൽ | 9. ദേശീയ ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക ലോകത്തെ നൂതന ആശയങ്ങൾ പ്രമേയമാക്കിയുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നു. | ജനുവരി | അധ്യാപിക | |

# SS CLUB ACTIVITIES

| പഠനയാത്ര<br>**Expected Outcome** | **Process** | **Budget, Duration<br>Beneficiary group** |
|---|---|---|
| പാഠപുസ്തകത്തിനു പുറത്തുള്ള ലോകം പരിചയപ്പെടുത്തുന്നു.<br>വ്യക്തിത്വ വളർച്ച<br>വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിയുന്നു.<br>അനുഭവങ്ങളിലൂടെയുള്ള പഠനാവസരങ്ങൾ | തസ്രാക്ക് ഒ.വി. വിജയൻ സ്മാരകം, പെരുവെമ്പ് നെയ്ത്തുഗ്രാമം, വാദ്യോപകരണ നിർമ്മാണ മേഖലയിലെ പ്രമുഖരെ സന്ദർശിക്കൽ, മൺപാത്ര നിർമ്മാണ വിദഗ്ദ്ധരുമായി കൂടിക്കാഴ്ച, അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു, മികച്ചവ കണ്ടെത്തി സമ്മാനം നൽകൽ.<br><br>വടക്കന്തറ ജൈനക്ഷേത്രം, വാദ്യോപകരണ മ്യൂസിയം, കൽപ്പാത്തി, ജില്ലാ ലൈബ്രറി, ഗാന്ധി ആശ്രമം അകത്തേത്തറ.<br><br>അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു. മികച്ചവ കണ്ടെത്തുന്നു. IIT പാലക്കാട്, ആയുർവേദ മരുന്നു നിർമ്മാണശാല, പുതുശ്ശേരി, പാലക്കാട് ചുരം, കേരള-തമിഴ്നാട് അതിർത്തി അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു. | ബഡ്ജറ്റ് - 4000<br>1 ദിവസം<br>VIIIth Std. – 25 കുട്ടികൾ<br>അധ്യാപിക<br><br>ബഡ്ജറ്റ് - 4000<br>1 ദിവസം<br>Xth Std. – 41 കുട്ടികൾ<br>അധ്യാപിക |
| പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ നേരിട്ട് കണ്ടറിയാൻ കഴിയുന്നു | കൊടുമ്പ് പഞ്ചായത്ത് സന്ദർശിച്ച് നേരിട്ട് ഗവൺമെന്റിന്റെ ഘടന ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഘടന എന്നിവ ബോധ്യപ്പെടുന്നു. | ബഡ്ജറ്റ് - 6000<br>1 ദിവസം<br>IXth Std. – 44 കുട്ടികൾ<br>അധ്യാപിക<br>Xth Std. – 41 കുട്ടികൾ<br>½ ദിവസം |

| | | |
|---|---|---|
| | റിപ്പോർട്ട് തയ്യാറാക്കുന്നു.<br><br>X-ാം ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ഉപഭോക്തൃ ഫോറം സന്ദർശിക്കുന്നു. ഘടന, പ്രവർത്തനം എന്നിവ കണ്ടറിഞ്ഞ് റിപ്പോർട്ട് തയ്യാറാക്കണം.<br><br>X-ാം ക്ലാസ്സിലെ കുട്ടികളെ ബാങ്കിംഗ് എന്ന പാഠ ഭാഗവുമായി ബന്ധപ്പെട്ട് പൽപ്പുള്ളി ബാങ്ക് പരിച യപ്പെടുത്തുന്നു. ഇടപാടുകൾ ബോധ്യപ്പെടുന്നു. വിവിധ ഫോമുകൾ പരിചയപ്പെടുന്നു. | ബഡ്ജറ്റ് - 1500<br>Xth Std – 44 കുട്ടികൾ<br>½ ദിവസം<br>അധ്യാപിക<br><br>ബഡ്ജറ്റ് - 1000<br>Xth Std. – 44 കുട്ടികൾ<br>½ ദിവസം<br>അധ്യാപിക |
| സ്നംവാദ District Legal Service Authority സംഘടിപ്പിക്കുന്ന കോടതി സന്ദർശനം | IX, X ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തുന്ന പരിപാടി. കുട്ടികൾ ചോദ്യങ്ങൾ തയ്യാറാക്കി ജഡ്ജുമായും മറ്റു ജീവനക്കാരുമായും ആശയവി നിമയം നടത്തുന്നു. | ബഡ്ജറ്റ് - 1000<br>IX, I ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾ<br>1 ദിവസം<br>അധ്യാപിക |
| Mock Census ലൂടെ കുട്ടികളുടെ ആശയവിനിമയശേഷി മെച്ചപ്പെടു ന്നു.<br>Census ന്റെ വിവിധ ഘട്ടങ്ങളി ലൂടെ കടന്നുപോകുന്നു.<br>അനുഭവങ്ങളിലൂടെ കാര്യങ്ങൾ ഗ്രഹിക്കുന്നു. | IX-ാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കുമായി Census ൽ ഉൾപ്പെടുത്തുന്ന ചോദ്യാവലികൾ ഉൾപ്പെടു ത്തിക്കൊണ്ടുള്ള ഫോർമാറ്റ് 5 വീതം ഒരു കുട്ടിക്ക് എന്ന രീതിയിൽ വിതരണം ചെയ്യുന്നു. ജനസം ഖ്യാദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനമാണി ത്. | ബഡ്ജറ്റ് - 500<br>1 ആഴ്ച<br>IX$^{th}$ Std. – 44 കുട്ടികൾ<br>അധ്യാപിക |
| എല്ലാവർക്കും പങ്കാളിത്തം<br>വിഭിന്ന നിലവാരക്കാരെ പരിഗണി ക്കുന്നു. | കുട്ടികൾ അടുത്തുള്ള 5 വീടുകളിലെ വിവരങ്ങൾ ശേഖരിച്ച് ഫോർമാറ്റിൽ രേഖപ്പെടുത്തിവരുന്നു. | |

| | | |
|---|---|---|
| ക്രോഡീകരിക്കാനുള്ള ശേഷി Data Collection ൽ കൃത്യത വരുത്തേണ്ട തിന്റെ ആവശ്യകത മനസ്സിലാക്കുന്നു.<br><br>കൃഷി ഓഫീസറുടെ ക്ലാസ്സ് മണ്ണുസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്.<br><br>Hiroshima, Nagasaki ദിനങ്ങളോട നുബന്ധിച്ച് കുട്ടികളിൽ യുദ്ധത്തോട് പ്രതികൂല മനോഭാവമുണ്ടാക്കുന്നു. യുദ്ധം ഒന്നിനും പരിഹാരമല്ല എന്ന ബോധ്യം ഉണ്ടാകുന്നു. | ക്ലാസ്സിൽ വിശകലനം ചെയ്യുന്നു. ഓരോ വിഭാഗത്തിലെയും വിവരങ്ങൾ ക്രോഡീകരിക്കുന്നു.<br><br>VIII-ാം ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് മണ്ണിന്റെ പ്രാധാന്യം, സംരക്ഷണത്തിന്റെ ആവശ്യകത എന്നിവയുമായി ബന്ധപ്പെട്ട ക്ലാസ്സ്.<br><br>കുട്ടികൾ സഡാക്കോ കൊക്കുകൾ നിർമ്മിച്ച് അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു.<br>പോസ്റ്റർ നിർമ്മാണ മത്സരം നടത്തി മികച്ചവ കണ്ടെത്തി സമ്മാനം നൽകണം.<br>ക്വിസ് മത്സരം നടത്തി സമ്മാനദാനം.<br>Big Canvas ൽ കുട്ടികൾ ചിത്രങ്ങളും മുദ്രാവാക്യങ്ങളും എഴുതി നിറയ്ക്കുന്നു. മികച്ച മുദ്രാവാക്യത്തിന് സമ്മാനം നൽകണം.<br>ദേശഭക്തിഗാന മത്സരം, പ്രസംഗം എന്നിവ സംഘടിപ്പിക്കുന്നു. | ½ ദിവസം<br><br>1 ദിവസം അധ്യാപിക<br><br>1 ദിവസം<br><br>ബഡ്ജറ്റ് - 500<br>1 ദിവസം<br>തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ |
| സ്വാതന്ത്ര്യത്തോടനുബന്ധിച്ചുള്ള കൂട്ടായ്മ സഹകരണ മനോഭാവം. ദേശഭക്തിയും അനുകൂല മനോഭാവവും ഉണ്ടാകുന്നു. | സ്വാതന്ത്ര്യദിനത്തിനു മുന്നോടിയായി പാചകത്തിൽ താൽപര്യമുള്ള കുട്ടികളെയും JRC വിദ്യാർത്ഥികളെയും കണ്ടെത്തി കുട്ടികളോട് ചിരകിയ തേങ്ങ, റവ തുടങ്ങിയവ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. (ഒരൊറ്റ മുറിതേങ്ങ) സ്വാതന്ത്ര്യദിനത്തിന്റെ തലേദിവസം തന്നെ റവ ലഡു തയ്യാറാക്കി പാത്രങ്ങളിലാക്കി വയ്ക്കുന്നു. അടുത്ത ദിവസം വിതരണം. | ബഡ്ജറ്റ് - 500<br>2 ദിവസങ്ങൾ<br>JRC വിദ്യാർത്ഥികൾ<br>താൽപര്യമുള്ള കുട്ടികൾ<br>അധ്യാപിക |
| **Film Festival**<br>ആശയവിനിമയശേഷി<br>പുസ്തകത്തിൽ പരിചയപ്പെട്ട കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്ക്കരണ | The Kid സിനിമാ പ്രദർശനം നടത്തുന്നു. ശേഷം അതുമായി ബന്ധപ്പെട്ട് കുട്ടികൾ വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ചതു കണ്ടെത്തി സമ്മാനം നൽകണം. 10/- നിരക്കിൽ ടിക്കറ്റ് നൽകിയാണ് സിനിമാ | |

| | | |
|---|---|---|
| ത്തിലൂടെ കതാപാത്രനിരൂപണം,<br>സിനിമാ നിരൂപണം.<br>പുതിയ പദങ്ങൾ, പകരം പദങ്ങൾ കണ്ടെത്തുന്നു. | പ്രദർശനം. അങ്ങനെ കിട്ടുന്ന സംഖ്യ Home Based ആയ IEDC കുട്ടികൾക്ക് സമ്മാനം നൽകാനും അവരെ സന്ദർശിക്കുന്നതിനുമായി ഉപയോഗിക്കുന്നു. | |
| **Daily Diary**<br>ആശയങ്ങൾ പ്രകടിപ്പിക്കാനും Vocabulary മെച്ചപ്പെടുത്താനും | എല്ലാ ദിവസവും കുട്ടികൾ ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. Camp Leaders അവ എല്ലാ ദിവസവും ചെക്ക് ചെയ്യുന്നു. ഓരോ ഗ്രൂപ്പിലെയും ഒരാൾ വീതം ക്ലാസ്സിൽ വായിക്കുന്നു. | 10 Months |
| **School Assembly**<br>എല്ലാ കുട്ടികൾക്കും അവസരം.<br>ആത്മവിശ്വാസം വളർത്തുന്നു.<br>സഭാകമ്പം ഇല്ലാതെയാകും.<br>ആശയവിനിമയശേഷി | വെള്ളിയാഴ്ചകളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തുന്ന അസംബ്ലികളിൽ മാസത്തിൽ 1 വീതം English Assembly ആയിരിക്കണം. | 106 കുട്ടികൾ<br>ടീച്ചർ |
| **Postal Day**<br>Vocabulary മെച്ചപ്പെടുന്നു. മുൻകാലങ്ങളിൽ Postal Card ആശയവിനിമയത്തിൽ എത്ര മാത്രം സഹായകമായിരുന്നു എന്ന് തിരിച്ചറിയുന്നു. | October 9 ന് Postal ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് Postal Card നൽകുന്നു. കുട്ടികൾ പരസ്പരം സുഹൃത്തുക്കൾക്ക് ഇംഗ്ലീഷിൽ തയ്യാറാക്കുന്ന ആശംസാ കാർഡുകൾ പോസ്റ്റ് ചെയ്യുന്നു. | ബഡ്ജറ്റ് - 500<br>107 കുട്ടികൾ<br>ടീച്ചർ |
| **കുട്ടി ഡോക്ടേഴ്സ്**<br>കുട്ടികളിൽ അച്ചടക്കശീലങ്ങൾ വളർത്തുന്നതിന്.<br>സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കുന്നതിന്. | 2023-24 വർഷത്തിൽ 8 ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ 8 കുട്ടികൾക്ക് ഓരോ ക്ലാസ്സ് വീതം നൽകണം. ഓരോ ഡയറിയും നൽകണം. ക്ലാസ്സ് റൂമിലും സ്കൂൾ പരിസരങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത്, ഭക്ഷണം പാഴാ | 8 കുട്ടികൾ<br>1 വർഷം<br>ടീച്ചർ |

| | | |
|---|---|---|
| ശുചിത്വ പാഠങ്ങൾ അഭ്യസിക്കുന്ന തിന്. | ക്കുന്നത്, ഉച്ചഭക്ഷണം, കുട്ടികളുടെ ശുചിത്വ ശീല ങ്ങൾ എന്നിവ ശ്രദ്ധിച്ച് പുസ്തകത്തിൽ രേഖപ്പെ ടുത്തി റിപ്പോർട്ട് ചെയ്യണം. | |
| <u>**റെഡ്ക്രോസ്**</u><br>കുട്ടികളിൽ അച്ചടക്കബോധം, സാമൂഹ്യ സേവന മനോഭാവം, കൃത്യനിഷ്ഠ എന്നീ ശീലങ്ങൾ വളർത്താൻ കഴിയുന്നു.<br><u>**തുണിസഞ്ചി നിർമ്മാണം**</u><br>പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും പ്രചാരകരാക്കുന്നതിനും. | <u>**പ്രഥമശുശ്രൂഷാ പാഠങ്ങൾ**</u><br>സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും സഹായിക്കുന്നു. പ്രഥമശുശ്രൂഷാ പാഠങ്ങൾ അഭ്യസി ക്കുന്നു. ആരോഗ്യ-ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ ഡോക്ടേഴ്സിന്റെ സഹായത്തോടെ സംഘടിപ്പിക്കണം. പരിസരശുചിത്വം ഉറപ്പുവരുത്തു ന്നതിന് നേതൃത്വം നൽകണം. ശലഭോദ്യാനം, പച്ചക്ക റിത്തോട്ടം എന്നിവ പരിപാലിക്കൽ, തുണിസഞ്ചി നിർമ്മാണം പരിശീലിക്കുന്നു. എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുന്നു. | 14 കുട്ടികൾ<br>അധ്യാപിക<br><br>അധ്യാപിക<br>1 ദിവസം |
| <u>**നല്ലപാഠം**</u><br>സാമൂഹിക പ്രതിബദ്ധതയുണ്ടാകു ന്നതിന്.<br><br>വൃദ്ധസദനം സന്ദർശിക്കുക, അതോടൊപ്പം സമയം ചെലവഴി ക്കുകയും ചെയ്യുന്നതിലൂടെ മുതിർന്നവരെ ബഹുമാനിക്കണമെ ന്നുള്ള ആശയം സഹാനുഭൂതി. | VIII, IX ക്ലാസ്സുകളിലെ സ്കൂളിൽ വരാൻ കഴിയാത്ത ശയ്യാവലംബരായ 3 സഹപാഠികളെ സന്ദർശിക്കുന്നു. അവരോടൊപ്പം ഓണപ്പൂക്കളമിട്ട് ഓണപ്പാട്ടുകൾ പാടി സമ്മാനങ്ങളും നൽകുന്നു.<br><br>കല്ലിങ്കൽ പരിസരത്തുള്ള വൃദ്ധസദനം സന്ദർശിച്ച് കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നു. സമ്മാനങ്ങളും നൽകുന്നു. | അധ്യാപിക |

| | | |
|---|---|---|
| **Daily Quiz**<br>പത്രവായനാശീലം വളർത്തുന്നതിന്. | എല്ലാ ക്ലാസ്സിലും രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ ഗ്രൂപ്പുകൾ ഓരോ ദിവസവും ഒരു ഗ്രൂപ്പ് എന്ന നിലയിൽ 5 GK ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. പത്രവാർത്തകളുടെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ചോദ്യങ്ങൾ തുടർന്ന് ക്ലാസ്സിൽ പൊതുവായി സൂക്ഷിച്ചിട്ടുള്ള ക്വിസ് പുസ്തകത്തിൽ ഓരോ ദിവസത്തെയും ചോദ്യങ്ങളും ഉത്തരങ്ങളും എഴുതണം. Monthly Quiz ഇതിനെ അടിസ്ഥാനമാക്കി എല്ലാ ക്ലാസ്സിലും നടത്തണം. | |
| **Recirculation**<br>പത്രം റോൾ നമ്പർ ഓർഡറിൽ കുട്ടികൾക്കു നൽകുന്നതിലൂടെ മാസത്തിൽ ഒരു പത്രമെങ്കിലും കുട്ടിക്ക് സ്വന്തമായി ലഭിക്കുന്നു. വായന പ്രോത്സാഹിപ്പിക്കപ്പെടുന്നു. സഭാകമ്പം കുറയ്ക്കാം.<br><br>സാംസ്ക്കാരിക വിനിമയം<br><br>ലൈബ്രറി - റീഡിംഗ് റൂം - കുട്ടി ലൈബ്രേറിയൻമാരിലൂടെ<br>അച്ചടക്കം, ചുമതലാബോധം എന്നിവ വളർത്തുന്നതിന്.<br>അവലോകനം ചെയ്യാനുള്ള കഴിവ്. | IX-ാം ക്ലാസ്സിലെ കുട്ടികൾക്ക് Roll Number അടിസ്ഥാനത്തിൽ മനോരമ പത്രം വൈകുന്നേരങ്ങളിൽ വീട്ടിലേക്കു കൊണ്ടുപോകാം. അതിലെ പ്രധാന വാർത്തകൾ അടുത്ത ദിവസം ക്ലാസ്സിൽ അവതരിപ്പിക്കണം. ഇതിലൂടെ മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ കുട്ടികൾക്കും പത്രം സ്വന്തമാക്കാം.<br><br>ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന 3 വിദ്യാർത്ഥികളുടെ കുടുംബാംഗങ്ങളെ പരിചയപ്പെടുന്നതിനുള്ള അവസരം.<br><br>മുൻവർഷത്തിൽ കുട്ടികൾ തന്നെ സംഘടിപ്പിച്ച പുസ്തകങ്ങൾ നമ്പർ ക്രമത്തിലാക്കുകയും ആഴ്ചയിൽ ഓരോ ദിവസം ഓരോ ക്ലാസ്സിനും അനുവദിച്ചു കൊണ്ട് അതാത് ക്ലാസ്സിലെ കുട്ടി ലൈബ്രേറിയൻമാർ വിതരണം ചെയ്യണം. രജിസ്റ്ററിൽ രേഖപ്പെടുത്തണം. | Teacher<br><br><br><br><br>അധ്യാപിക |

| | | |
|---|---|---|
| **ഒളിമ്പിക്സ്**<br>പത്രവായന പ്രോത്സാഹിപ്പിക്കുന്നതിന്<br>പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്.<br><br>സഹപാഠികളുടെ വീട്ടിലേക്ക്<br><br>മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന് | ഒളിമ്പിക്സ് ഉദ്ഘാടന ദിവസം കുട്ടികൾ ഒളിമ്പിക്സ് വലയങ്ങളുടെ മാതൃക ക്യാമ്പസിൽ സംഘടിപ്പിക്കുന്നു. എല്ലാ ദിവസവും ഒരു ചോദ്യം വീതം ചുമർ മാഗസിനിൽ പ്രദർശിപ്പിക്കണം. ചോദ്യത്തിനുള്ള ഉത്തരം അന്നേദിവസത്തെ പത്രത്തിൽ നിന്നും കണ്ടെത്തി ഉച്ചയ്ക്ക് 2 മണിക്കു മുൻപായി ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കണം. നറുക്കെടുപ്പിലൂടെ വൈകുന്നേരത്തെ അസംബ്ലിയിൽ HM വിജയിയെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു.<br><br>IX-ാം ക്ലാസ്സിലെ കുട്ടികൾ ചേർന്ന് അട്ടപ്പാടിയിലേക്കൊരു യാത്ര നടത്തുന്നു<br><br>സമ്മർദ്ദങ്ങളെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ മറ്റ് ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചുകൊണ്ടുള്ള പരിപാടികൾ, Excise Dept., Janamythri Police തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ | ഓഫീസ് സ്റ്റാഫ്<br><br>അധ്യാപകർ<br><br>All Students<br>Teacher |
| **Dry Day**<br>പരിസര ശുചിത്വം<br>പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു.<br>സമൂഹത്തിന് മാതൃകയാകുന്നു. | Science / SS Club ന്റെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ചയും സ്കൂളും പരിസരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് കുട്ടികളും അധ്യാപകരും കൂട്ടായി പ്രവർത്തിക്കുന്നു. കൂടാതെ, പ്ലാസ്റ്റിക് കവറുകൾ, ഖരപ്ലാസ്റ്റിക് എന്നിവ നിക്ഷേപിക്കുന്നതിനായി പ്രത്യേകം ബാസ്ക്കറ്റുകൾ സ്ഥാപിക്കുന്നു. എല്ലാ മാസവും ഹരി | 1 Year<br>All Students<br>Teacher |

| | | |
|---|---|---|
| സാമൂഹ്യ പ്രതിബദ്ധത വളർത്തുന്ന തിന്. | തകർമ്മ സേനയുമായി സഹകരിച്ചുകൊണ്ട് പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് പ്രവർത്തനങ്ങൾ നടത്തണം. | |
| **Hand Ball, Football**<br>കായികക്ഷമത വർദ്ധിക്കുന്നു. മികച്ച കായികതാരങ്ങളെ കണ്ടെത്താൻ കഴിയുന്നു.<br>ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് സബ്ജില്ലാതലത്തിൽ പങ്കെടുക്കാനുള്ള കുട്ടികളെ കണ്ടെത്താതൻ. | VIII, IX ക്ലാസ്സുകളിലെ പെൺകുട്ടികൾക്കായി Hand ball Coaching.<br>VIII, IX ക്ലാസ്സുകളിലെ ആൺകുട്ടികളിൽ നിന്നും താൽപര്യവും കായികക്ഷമതയുമുള്ള കുട്ടികലെ കണ്ടെത്തി പ്രത്യേക പരിശീലനം. | Duration : June – February<br>No. of Girls 22<br>ടീച്ചർ |
| **Karate** | VIII, IX ക്ലാസ്സുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി കായികക്ഷമത വർദ്ധിപ്പിക്കാനുള്ള പരിപാടി.<br>School Level Sports Meet സംഘടിപ്പിക്കണം. | Budget 6000/- per month<br>62 Students<br>Teacher |
| **WE Club**<br>കരകൗശല മേഖലയിൽ പ്രാവീണ്യം നേടുന്നതിന്.<br>തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്.<br>അനുകൂല മനോഭാവം വളർത്തുന്നതിന്. | കര-കൗശലരംഗത്ത് താൽപര്യമുള്ളവരും കഴിവുള്ളവരുമായ കുട്ടികളെ കണ്ടെത്തി ജൂൺ മാസത്തിൽ തന്നെ പരിശീലനം നൽകണം.<br>സബ്ജില്ലാതലത്തിൽ നടക്കുന്ന മേളകളിൽ പങ്കാളിത്തം ഉറപ്പാക്കണം. | Budget : 7,000/-<br>Teacher |

## VIJAYASREE

| Expected Outcome | Process | Budget, Duration Beneficiary group |
|---|---|---|
| **മലയാളത്തിളക്കം**<br>മലയാളത്തിൽ എഴുതാനും വായി ക്കാനുമുള്ള ശേഷി.<br>സ്വന്തമായി പത്രം വായിക്കുന്നു.<br>വിശകലനം ചെയ്യുന്നു. | സ്കൂൾ തുറന്ന് ആദ്യ ആഴ്ച തന്നെ പ്രീ-ടെസ്റ്റ് നടത്തി. ഭാഷാപരമായ പ്രശ്നങ്ങൾ മനസ്സിലാക്കി വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ വീതം പ്രത്യേക പരിശീലനം.<br>തുടർന്ന് Reading Cards വായിക്കുന്നതോടെ അവർക്ക് Subject Teachers നടത്തുന്ന കോച്ചിംഗ് ക്ലാസ്സിലേക്ക് പ്രവേശനം.<br>ആ നിലവാരത്തിൽ എത്താത്ത കുട്ടികൾക്ക് മല യാളത്തിളക്കം തുടരണം. തുടർന്ന് Reading Card വായന, പത്ര കട്ടിംഗുകൾ ഉപയോഗിച്ച് തയ്യാറാ ക്കുന്ന കാർഡുകൾ വായിക്കുന്നു. തുടർന്ന് വർത്തമാനപത്രങ്ങൾ വായിക്കുന്നു. ഓരോ ദിവ സവും Rotation Basis ൽ പത്രം വായിപ്പിക്കുന്നു. | 2 മാസം<br>$X^{th}$ Std – 44 കുട്ടികൾ<br>ടീച്ചേഴ്സ് |
| രാവിലെയും വൈകീട്ടും Coaching Classes | എല്ലാ ദിവസവും രാവിലെ 1 മണിക്കൂർ, വൈകു ന്നേരം 1 മണിക്കൂർ എന്ന രീതിയിൽ സ്പെഷ്യൽ കോച്ചിംഗ് നൽകുന്നു. | Xth Std. – 44 കുട്ടികൾ<br>Teachers : എല്ലാവരും |
| Special Coaching മറ്റു കുട്ടികളുടെ ഒപ്പമെത്തിക്കാൻ കഴിയുന്നു. | CBSE സ്കൂളിൽ നിന്നും Join ചെയ്യുന്ന കുട്ടി കൾക്ക് പ്രത്യേക സമയം കണ്ടെത്തി പരിശീലനം. | All Teachers |

| Expected Outcome | Process | Budget, Duration<br>Beneficiary group |
|---|---|---|
| **Monthly Test**<br>കുട്ടികളുടെ നിലവാരം കണ്ടെത്താൻ കഴിയുന്നു. | എല്ലാ വിഷയത്തിലും ഓരോ Chapter കഴിയുമ്പോഴും പ്രത്യേകം Class Tests. | All Teachers |
| **TAG**<br>കുട്ടികളുമായി അടുത്തിടപഴകാനും അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി പഠന പിന്തുണ നൽകാനും. | 11 Staff നും 41 കുട്ടികളെ 4, 3 എണ്ണം വീതം വിഭജിച്ചു നൽകുന്നു. പഠനകാര്യങ്ങൾ, Attendance എന്നിവ ഉറപ്പാക്കേണ്ടതും ഓരോ Term ലും ഒരുതവണയെങ്കിലും ഗൃഹസന്ദർശനം നടത്തേണ്ടതുമാണ്. കുട്ടികളുമായും രക്ഷിതാക്കളുമായും നിരന്തരം ആശയവിനിമയം നടത്തണം. | എല്ലാ ഹൈസ്കൂൾ ജീവനക്കാരും. |
| **Parentala Awareness Programme**<br>കുട്ടികൾക്ക് പഠനാന്തരീക്ഷം വീട്ടിൽ ഒരുക്കുന്നതിനും പഠന പിന്തുണ നൽകുന്നതിനും | X-ാം ക്ലാസ്സിലെ കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗ് ഓരോ Term Exam നു ശേഷവും വിളിക്കേണ്ടതാണ്.<br>രക്ഷിതാക്കൾക്കായി Awareness Class സംഘടിപ്പിക്കണം. | 41 രക്ഷിതാക്കൾ<br>All Teachers |

| Expected Outcome | Process | Budget, Duration Beneficiary group |
|---|---|---|
| **Motivation Class**<br>പരീക്ഷാഭയം അകറ്റുന്നതിനും ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിനും. | X-ാം ക്ലാസ്സിലെ കുട്ടികൾക്ക് | 2 മാസം<br>$X^{th}$ Std – 44 കുട്ടികൾ<br>ടീച്ചേഴ്സ് |
| **Career Guidance**<br>$X^{th}$ നു ശേഷം ഏതു വിഷയം തെരഞ്ഞെടുക്കണമെന്നും ലക്ഷ്യബോധം ഉണ്ടാക്കുന്നതിനും. | X-ാം ക്ലാസ്സിലെ കുട്ടികൾക്കായി വിവിധ വിഷയങ്ങൾ പഠിച്ചാൽ തെരഞ്ഞെടുക്കാവുന്ന കോഴ്സുകൾ, ഉന്നത വിദ്യാഭ്യാസ സാധ്യതകൾ, ജോലി സാധ്യതകൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനുതകുന്ന തരത്തിൽ ഒരു കരിയർ ഗൈഡൻസ് ക്ലാസ്സ്. | $X^{th}$ - 44 കുട്ടികൾ<br>ടീച്ചേഴ്സ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## ശാസ്ത്രം

### മേഖല – ഹൈസ്ക്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | • ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാനുള്ള അവസരം നൽകുന്നു.<br>• പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br>• ക്ലാസ്സുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദികളിൽ അവതരിപ്പിക്കുന്നു. | ജൂൺ | അധ്യാപിക | |
| • നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു.<br>• ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂലൈ | അധ്യാപകർ | |
| • ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | • മാലിന്യ സംസ്കരണ ബോധവൽക്കരണം, ശുചിത്വമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ്. | ആഗസ്റ്റ് | അധ്യാപകർ, ആരോഗ്യവകുപ്പ് | |

| | | | | |
|---|---|---|---|---|
| • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | • ഔഷധത്തോട്ടം, പച്ചക്കറിതോട്ടം എന്നിവ നിർമ്മിക്കൽ<br>• സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | സെപ്റ്റംബർ, ഒക്ടോബർ | അധ്യാപിക | കൃഷിഭവൻ |
| • ഊർജ്ജസംരക്ഷണം, ഉപ യോഗം, ഉത്പാദനം | • ഊർജ്ജസംരക്ഷണ ദിനാഘോഷം, പോസ്റ്റർ നിർമ്മാണം, ഊർജ്ജ സംര ക്ഷണ ബോധവൽക്കരണ ക്ലാസ്സ് | നവംബർ | അധ്യാപിക | കെ.എസ്.ഇ. ബി. |
| • അന്വേഷണ തൃഷ്ണ വർദ്ധിപ്പി ക്കൽ, ശാസ്ത്രലോകത്തെ നൂതന ആശയങ്ങൾ നേടൽ | • പുത്തൻ സാങ്കേതിക വിദ്യയും, കണ്ടെ ത്തലുകളും പരിചയപ്പെടുന്നു.<br>• ദേശീയ ശാസ്ത്രദിനാഘോഷം<br>• ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | ജനുവരി | അധ്യാപിക, സയൻസ് ക്ലബ്ബ് | |

## ACADEMIC MASTER PLAN 2025-26 ENGLISH (HS)

| OBJECTIVES | ACTIVITIES | PERIOD | INCHARGE | ECONOMICAL ANALYSIS |
|---|---|---|---|---|
| • To develop English language skills | • Enhance English | Daily | Teacher | |
| • To develop skills, understand different perspectives and practice | • Role play and skit | Class room activity | Teacher | |
| • To develop speaking skills, enhancing memorization and fostering an appreciation for language and literature | • Story telling<br>• Recitation<br>• Elocution | Twice in an academic year | Teachers Management | |
| • To develop creative writing skill | • Essay writing | Thrice in an academic year | Teachers | |
| • To expand vocabulary and improve communication skills | • Word games<br>• Spelling trees | Weekly once | Teachers | |
| • To improve pronunciation increase fluency | • Tongue Twister | Weekly once | Teachers | |
| • To improve listening comprehension, spelling accuracy and writing skill | • Dictation | Weekly twice | Teachers | |
| • To develop all the four language skills (LSRW) | • Grammar Games | Monthly once | Teachers | |
| • To develop observational skills, language proficiency | • Describe picture | Twice in an academic year | Teachers | |

| | | | | |
|---|---|---|---|---|
| • To develop pronunciation, building vocabulary | • Read aloud | Daily | Teachers | |
| • To develop / strengthening fluency and fostering a love of reading | • | | | |
| • To cultivate alove for reading | • Book club<br>• Library book reading | Twice in a month | Teachers Management | |
| • Enhance general knowledge, improving language and literary skills | • News Reading | Daily | Teachers | |
| • To improve English language skills (LSRW), boosting their confidence in public speaking | • School Assembly in English | Weekly once | Teachers | |
| • To boost the confidence in students so they can freely communicate | • English Club | | Teachers Management | |

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പ്രവർത്തനം - 1<br>**പേര് : Mock Election** | | | | |
| ഇലക്ഷൻ പ്രോസസ് പരിചയപ്പെടുന്നതിന് | SS Club രൂപീകരിക്കുന്നതിന്റെ ഭാഗമായി കുട്ടികലെ ഗ്രൂപ്പുകളാക്കി ഗ്രൂപ്പ് ലീഡർമാരെയും ക്ലബ്ബ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയും തെരഞ്ഞെടുക്കുന്നു. പ്രവർത്തനങ്ങൾ ചുമതലപ്പെടുത്തുന്നു. | Day 1 | SS Club | Nil |
| പ്രവർത്തനം - 2<br>**പേര് : SS Corner in the Library** | | | | |
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലോകത്തേക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് | അധികവായനക്കുള്ള പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ, ഉപകരണങ്ങൾ എന്നിവ ക്രമീകരിക്കുന്നു. | 1 month | SS Club | |
| പ്രവർത്തനം - 3<br>**പേര് : Bulletin Board** | | | | |
| SS മായി ബന്ധപ്പെട്ട അറിവുകൾ update ചെയ്യുന്നതിന് | സ്കൂളിലെ എല്ലാ കുട്ടികൾക്കും വായിക്കാന് സൗകര്യമൊരുക്കുന്നു. പ്രധാന വാർത്തകൾ, പുതിയ അറിവുകൾ, ക്വിസ്സ്, കുട്ടികളുടെ സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കുന്നു. | 1 year | SS Club | |

| | | | | |
|---|---|---|---|---|
| **പ്രവർത്തനം – 4**<br>**പേര് : മത്സര പരീക്ഷകൾക്കുള്ള പരി ശീലനം** | | | | |
| Current Affairs, പൊതുവിജ്ഞാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് | കുട്ടികളുടെ ക്ലാസ്സ്തല ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ഓരോ ദിവസവും ഗ്രൂപ്പിൽ ഒരാൾ വീതം 5 ചോദ്യ ങ്ങളും ഉത്തരങ്ങളും ക്ലാസ്സിൽ അവ തരിപ്പിച്ച് ഒരു നോട്ട് ബുക്കിൽ എഴു തുന്നു. Monthly Quiz നടത്തി സമ്മാനം നൽകിവരുന്നു. | 1 year | SS Club | |
| **പ്രവർത്തനം – 5**<br>**പേര് : പഠനയാത്ര** | | | | |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുത കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്രവുമായി ബന്ധ പ്പെട്ട സ്ഥലങ്ങളിലേക്ക് VIII, IX, X ക്ലാസ്സുകളിലെ കുട്ടികളുടെ നില വാരത്തിനും പഠന ആവശ്യത്തിനു മായി ക്ലാസ്സ് തലത്തിലുള്ള യാത്ര കൾ തുടർന്ന് യാത്രാവിവരണങ്ങൾ എഴുതുന്നു. | August | SS Club | അധ്യാപകരും കുട്ടികളും ചേർന്ന് കണ്ടെത്തുന്നു |
| **പ്രവർത്തനം – 6**<br>**പേര് : സാമൂഹിക അവബോധമു ണർത്തുന്ന പ്രവർത്തനങ്ങൾ** | | | | |
| സാമൂഹികമായ പ്രതിബദ്ധത ഉയർത്തി യെടുക്കുന്നതിന് | CWSN കുട്ടികൾ പഠിക്കുന്ന special school സന്ദർശിച്ച് കുട്ടി കളെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നു. | September | SS Club | |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി (മലയാളത്തിളക്കം, ശ്രദ്ധ, നവപ്രഭ), ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | 1) പ്രീ-ടെസ്റ്റ് <br> 2) മലയാളത്തിളക്കം (അക്ഷരം, ചിഹ്നം, പദം, വാക്യം) | 1 മാസം പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഫെബ്രുവരി മാസം വരെ | മലയാളം അധ്യാപിക, SRG വിഭാഗം | PTA |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക (വായിക്കാം ഉറച്ചു നിൽക്കാം) | 1) അവധിക്കാലത്ത് തുടങ്ങിവെച്ച വേനൽവായന തുടരുക. <br> 2) ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കുക <br> 3) ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് ആസ്വാദനം തയ്യാറാക്കൽ. <br> 4) പത്രവായന | 6 മാസം മുതൽ വർഷാവസാനം വരെ | അധ്യാപകർ ബി.ആർ.സി. അംഗങ്ങൾ പി.ടി.എ. | PTA |
| **<u>വളരുന്ന അറിവ്</u>** <br> 1) പത്രവായന പരിപോഷിപ്പിക്കൽ | ഓരോ ദിവസവും പത്രത്തിലെ ഒരു അറിവ് - ചോദ്യം നൽകി ക്വിസ് മാതൃകയിൽ ഉത്തരം എഴുതി (മലയാളം നോട്ടിൽ) ആഴ്ചയിലൊരിക്കൽ ശരിയുത്തരം എഴുതി ആളെ വിജയിയെ കണ്ടെത്താം. | വർഷാവസാനം വരെ നീണ്ടുനിൽക്കുന്ന പ്രവർത്തനം | ക്ലാസ് അധ്യാപകർ മലയാളം അധ്യാപിക | PTA |
| **<u>ആഴ്ചസാഹിത്യം</u>** <br> 2) എല്ലാ വെള്ളിയാഴ്ചയും ലൈബ്രറി പുസ്തകം വായിച്ച കഥയിൽ ഒരുമിച്ചിരുന്ന് കഥ/കവിത പങ്കുവെക്കുന്നു/ചർച്ച ചെയ്യുന്നു | ഒരു ആഴ്ചയിൽ വായിച്ച പുസ്തകം പരിചയപ്പെടുത്തൽ, കവി/കഥാകാരനെ പരിചയപ്പെടൽ | വർഷാവസാനം വരെ | വിദ്യാരംഗം/ അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| **ദിനങ്ങൾ, ആഘോഷങ്ങൾ**<br>എല്ലാ ദിനങ്ങളുടെയും (കവികളുടെ, കഥാകാരന്മാരുടെ ജന്മദിനങ്ങൾ, മലയാള ഭാഷയുടെ പ്രാധാന്യം) നാടകം, സാഹിത്യം, ഭാഷ<br><br>സെമിനാർ, സംവാദം | അസംബ്ലിയിൽ ക്ലാസിൽ ഒക്കെയുള്ള ദിനങ്ങളുടെ പ്രാധാന്യമുള്ള പ്രവർത്തനം. വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ സ്കിറ്റ്, കവിതാപാരായണം പോസ്റ്റർ, മാഗസിൻ മികച്ച പ്രബന്ധങ്ങൾ അസംബ്ലിയിൽ അവതരണം. | വർഷാവസാനം വരെ | മലയാളം അധ്യാപിക<br>വിദ്യാരംഗം ക്ലബ്ബ് | PTA |
| **സഞ്ചാരം**<br>നാടിന്റെ തുടിപ്പ് അറിയാൻ<br>മലയാളത്തെ അറിയാൻ | പ്രാദേശിക ചരിത്ര സഞ്ചാര സ്ഥലങ്ങൾ സന്ദർശനം (തുഞ്ചൻ മഠം, ജപപാറ, തസ്രാക്ക്, പി. സ്മാരകം ലൈബ്രറി) | ഒരു മൂന്ന് മാസത്തിൽ ഒരിക്കൽ | അധ്യാപകൻ<br>വിദ്യാരംഗം | PTA |
| **വായനശാലയിലേക്ക്**<br>ജില്ലാ ലൈബ്രറി, പുസ്തകങ്ങളുടെ ഗന്ധവും വിസ്മയവും തൊട്ടറിയാൻ | ജില്ലാ ലൈബ്രറി സന്ദർശനം, അംഗത്വം എടുക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | അധ്യാപകൻ | PTA |
| **പ്രദർശിപ്പിക്കാം പരിചയപ്പെടാം**<br>സ്ക്കൂളിലെ മികച്ച പുസ്തകം പരിചയപ്പെടുത്താം | വായനാദിനം (ജൂൺ-19) ഉദ്ഘാടന വേളയിൽ കുട്ടിക്ക് ഇഷ്ടപ്പെട്ട പുസ്തകം പരിചയപ്പെടുത്താം | ഒരു ദിവസം | ഭാഷാ അധ്യാപകർ | PTA |
| **ശിൽപശാലകളിലൂടെ**<br>സമൂഹത്തിലെ മികച്ച എഴുത്തുകാരെ വാർത്തെടുക്കൽ | നമ്മുടെ സമീപത്ത് ഉള്ള നല്ല വായനക്കാരെ / എഴുത്തുകാരെ അടുത്തറിയാൻ അവരുമായി ഒരു ദിവസം | മൂന്ന് മാസത്തിൽ ഒരിക്കൽ | മലയാള അധ്യാപകർ<br>വിദ്യാരംഗം ക്ലബ്ബ് | PTA |
| **മാഗസിൻ നിർമ്മാണം**<br>സ്വന്തം സൃഷ്ടികൾ അക്ഷരങ്ങൾ അച്ചടി മഷി പുരളുമ്പോൾ | കുട്ടികളുടെ ക്ലാസ് റൂം മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | വർഷത്തിൽ ഒരിക്കൽ | മലയാളം അധ്യാപിക<br>SRG | PTA |
| **അഭ്രപാളിയിലേക്ക്**<br>പാഠപുസ്തകത്തിലെ സിനിമ / തിരക്കഥ പ്രവർത്തനം | കുട്ടികളുടെ മനോധർമ്മത്തിൽ പിറവിയെടുത്ത കഥ ഉപയോഗിച്ച് ഷോർട്ട് ഫിലിം നിർമ്മാണം | വാർഷികം | അധ്യാപകർ<br>SRG | PTA |

# MATHEMATICS

| Expected Outcome | Process | Imew |
|---|---|---|
| 1. Pie Approximation Day<br>Pie യുടെ വിലയെക്കുറിച്ചും Pie കണ്ടുപിടിച്ച തെങ്ങനെ എന്നുള്ളതിനെക്കുറിച്ചും കുട്ടിക ളിൽ അവബോധം ഉണ്ടാക്കൽ. | ജൂലായ് 22 Pie day ആഘോഷിക്കാൻ തീരു മാനിച്ചു. | One day (July) |
| 2. ജ്യാമിതി ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മി ക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | Geometrical Chart മത്സരം നടത്താൻ തീരു മാനിച്ചു. | One day (August) |
| 3. Easy Maths നെക്കുറിച്ച് ഒരു expert ന്റെ ക്ലാസ്സ് സ്കൂളിൽ നടത്തുവാൻ തീരുമാനിച്ചു. ഇത് കുട്ടികളിൽ Maths നോടുള്ള താൽപര്യം കൂട്ടാൻ സഹായിക്കുന്നു. | | One day (October) |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടു ക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശിൽപശാല നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്.<br>അധ്യാപകർ, ഗണിത ക്ലബ്ബ്<br>പി.ടി.എ. |

# ഉപസംഹാരം

അക്കാദമിക നിലവാരത്തിൽ കാതലായ മാറ്റങ്ങൾ വിഭാവനം ചെയ്തുകൊണ്ട് തയ്യാറാക്കിയ വികസന പദ്ധതിയാണ് ഇത്. ഇതിൽ നിന്നും ഓരോ വർഷവും വിഷയാടിസ്ഥാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൽ വരുത്തി സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം. ഓരോ പ്രവർത്തനത്തിന്റെയും ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് വേണ്ട വിഭവവും വൈഭവവും ഉറപ്പാക്കണം. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് നമ്മുടെ സുപ്രധാന ലക്ഷ്യം. ഇതിനായി സ്കൂളിന്റെ അഭ്യുദയകാംക്ഷികളുടെ സഹായ സഹകരണങ്ങൾ തേടണം.

രക്ഷാധികാരികൾ, അധ്യാപകർ, അനധ്യാപകർ, മാനേജ്മെന്റ് ട്രസ്റ്റ് അംഗങ്ങൾ, പി.ടി.എ., MPTA, SMC അംഗങ്ങൾ, പൂർവവിദ്യാർത്ഥി കൂട്ടായ്മകൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ, സുമനസ്സുകൾ.

❖❖❖❖❖❖❖